കവിത



# സമരചുംബനം

ചുംബിയ്ക്കണമെനിക്ക്...

അടിവസ്ത്രത്തിലിറ്റ് വീണ
രേതസ്സുമായെത്തുന്ന
കപടസൗഹൃദത്തിന്റെ
കാമം പൂശിയ
ചുണ്ടുകളെയല്ല..

അമ്പലമുറ്റത്ത്
മക്കളുപേക്ഷിച്ചു പോയ
തുണിക്കെട്ട് പോലത്തെ
വൃദ്ധജന്മത്തിന്റെ
കണ്ണീര് വറ്റിയ
കണ്ണുകളെ..

രാസമഴയിൽ കുതിർന്ന
ദേശത്തിലെ
തല വീർത്ത കുഞ്ഞിന്
മുലനൽകാൻ കഴിയാത്ത
അമ്മയുടെ നിശ്വാസത്തെ..

പുഴയുടെ മാറിലേക്കൊഴുക്കിയ
വിഷത്തിനാൽ
പെരുത്ത അർബുദങ്ങൾ
പൊട്ടിച്ചിരിക്കുന്ന
നശിച്ച നാടിന്റെ
പുഴുത്ത വ്രണങ്ങളെ..

വരണ്ട ഭൂമിയെ
തുളച്ച് ജലമൂറ്റി
ക്കൊഴുത്ത പിശാചിന്റെ
ഉരുക്കുകരങ്ങളെ
തരിമ്പും ഭയക്കാതെ
ഉയിർത്തെഴുന്നേറ്റ
കറുത്തസഹജരെ..

നിനക്കൊരു മാത്ര
വിറക്കുമധരങ്ങൾ
കൊതിക്കയാണു നിന്റെ
സമരചുംബനയേൽക്കാൻ.

സജദിൽ മുജീബ്

കവിത

# സ്ത്രീശബ്ദം

ശ്ശ്...
സ്ത്രീയുടെ ശബ്ദം
വാതിലിനപ്പുറം കടക്കരുത്
പുറത്ത്
സാത്താന്റെ സന്തതികൾ
ചേമ്പിലയിലെ മഞ്ഞുതുള്ളികൾ
എണ്ണുകയാവാം.
മഞ്ഞുരുകി
വെള്ളമാകുന്നതുവരെ
യവൾ
പുറത്തെ,
ഇരുട്ടിനെയും ശൈത്യത്തെയും
ഭയക്കണം
ഇലകളിൽ നിന്നും
മഞ്ഞുതുള്ളികളുതിരുമ്പോൾ
അവൾക്ക് പ്രണയമാണ്
പകൽപോലെ
തെളിഞ്ഞ പ്രണയം.
സന്ധ്യമയങ്ങിയാൽ കാണുന്ന
കിനാവുകളിൽ
പേയിളകിയ കാമുകന്റെ
കണ്ണുകളാണ്
സാക്ഷയിട്ടടച്ച സ്വപ്നങ്ങളുടെ
മൊഴുകു ഭാണ്ഡങ്ങൾ തുറക്കാൻ
അവൾക്ക് സമയമില്ല.
ശബ്ദം കുറച്ചൊന്നു
താഴ്ത്തണം.
പുറത്ത്,
സാത്താന്റെ സന്തതികൾ
ചേമ്പില മഞ്ഞുതുള്ളികൾ
എണ്ണുകയാവാം...
ശ്ശ്...
സ്ത്രീയുടെ ശബ്ദം
വാതിലിനപ്പുറം കടക്കരുത്

റഫീന പി.പി

